(1)	(2)	(3)	(4)
20.	ചെങ്കുളം ആഗ്മെന്റേഷൻ	85 മി.യൂ.	നിർമ്മാണം ആരംഭിച്ച് 4 വർഷംകൊണ്ട് പൂർത്തി ആക്കാനാണ് ഉദ്ദേശിക്കുന്നത്.
21.	ലോവർ മീൻമുട്ടി	3.75 മെഗാവാട്ട്	12/2002
22.	തോട്ടിയാർ	70 മെഗാവാട്ട്	2004
23.	മാങ്കുളം	40 മെഗാവാട്ട്	2005
24.	ബി.എസ്.ഇ.എസ്	35.5 മെഗാവാട്ട്	3/2001
25.	കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്	20 മെഗാവാട്ട്	3/2001
26.	ഡി.സി. പവർ കാസർഗോഡ്	105 മെഗാവാട്ട്	9/2002

(ഇ) പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം യഥാസമയം നല്കുന്നു. ഓരോ പദ്ധതിയുടേയും നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും പുരോഗതി അവലോകനം ചെയ്യുവാനും വേണ്ടി പ്രോജക്ട് മാനേജർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സമയാസമയങ്ങളിൽ പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുകയും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് അപ്പപ്പോൾ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്. ഓരോ ജോലിയ്ക്കും കൃത്യമായ സമയപരിധി നിശ്ചയിച്ച് നിർദ്ദിഷ്ട ഓഫീസർമാർക്ക് അതിന്റെ ചുമതല നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പോപ്പുലർ കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ സഹായവും പ്രയോജനപ്പെടുത്തിവരുന്നു.

മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ്

29 (*59) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തുടർച്ചയായി ഭൂചലനം അനുഭവപ്പെടുന്നതിനാൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്താനുള്ള നീക്കം ജനങ്ങളിൽ വൻഭീതി സൃഷ്ടിച്ചിരിക്കുന്നതിനാൽ ജലനിരപ്പ് ഉയർത്തുന്നതിനെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇൻഡ്യൻ ഇൻഡിപെന്റന്റ് ആക്ട്, സ്റ്റേറ്റ് റീ ഓർഗനൈസേഷൻ ആക്ട് എന്നീ വ്യവസ്ഥപ്രകാരം മുല്ലപ്പെരിയാർ നദീജല കരാറിന് ഇപ്പോൾ നിയമപ്രാബല്യമുണ്ടോ എന്നതിനെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുല്ലപ്പെരിയാർ ഡാമിന്റെ സ്പിൽവേയ്ക്ക് മുന്നിൽ ചിതറിക്കിടക്കുന്ന പാറക്കഷണങ്ങൾ മാറ്റുന്നതിന് പകരം തമിഴ്നാട് അധികൃതർ ഷട്ടറുകൾക്ക് മുന്നിൽ പാറക്കഷ്ണങ്ങൾ കൂട്ടിയിട്ടിരിക്കുന്നതുമൂലം കേരളത്തിലേക്കുള്ള നീരൊഴുക്കിന് തടസ്സം നേരിട്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തിയാൽ ഉണ്ടാകാവുന്ന ഭീഷണി കണക്കിലെടുത്ത് 1998-ൽ ഇതിനെതിരെ ഐകകണ്ഠ്യേന ഒരു പ്രമേയം കേരള നിയമസഭ പാസ്സാക്കുകയും കേന്ദ്രസർക്കാരിന് അയയ്ക്കുകയും ചെയ്തിരുന്നു. കേരളത്തിലും തമിഴ്നാട്ടിലും ഹൈക്കോടതികളിൽ നിലവിലുള്ള മുല്ലപ്പെരിയാർ സംബന്ധിച്ച കേസ്സുകൾ സുപ്രീംകോടതിയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടും ഡോ. സുബ്രഹ്മണ്യൻ സ്വാമിക്കും സമർപ്പിച്ച ട്രാൻസ്ഫർ പെറ്റീഷൻ വേണ്ടവിധം കൈകാര്യം ചെയ്യാൻ സീനിയർ അഭിഭാഷകരായ ശ്രീ. അശോക് ദേശായി, ഡോ. രാജീവ് നവാൻ, ശ്രീ. അന്ത്യാർജ്ജുന എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലും ഹാജരാകുന്നു. കേന്ദ്രം നിയോഗിച്ച സാങ്കേതിക കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായി ശ്രീ. എം. കെ. പരമേശ്വരൻ നായരെ നോമിനേറ്റ് ചെയ്തിരുന്നു. കേരളത്തിന്റെ നിലപാട് ശക്തിയുക്തമായും ശാസ്ത്രീയമായും കേന്ദ്രകമ്മിറ്റി മുമ്പാകെ അവതരിപ്പിക്കാൻ ഇതുമൂലം സാദ്ധ്യമായി. ഭൂചലനത്തെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം വിലയിരുത്താൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് ഡയറക്ടർ കോ-ഓർഡിനേറ്ററായി ഒരു സാങ്കേതിക സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) സ്പിൽവേയ്ക്ക് മുന്നിൽ 136 അടിയ്ക്ക് മുകളിലുള്ള മണ്ണ് നീക്കം ചെയ്തുകഴിഞ്ഞതായും അവിടവിടെ കിടക്കുന്ന കല്ലുകൾ ജലപ്രവാഹത്തിന് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശുദ്ധജല വിതരണ പദ്ധതികൾക്ക് ജപ്പാൻ സഹായം

30 (*60) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണ പദ്ധതികൾക്ക് ജപ്പാൻ സഹായം ലഭിക്കുന്നത് സംബന്ധിച്ച നടപടി ഏതുവരെയായി ;

(ബി) ജപ്പാൻ ഇക്കാര്യത്തിൽ എത്ര തുകയുടെ സഹായമാണ് വാഗ്ദാനം ചെയ്തത് ;

(സി) ഇതു സംബന്ധിച്ച കരാറിൽ ഒപ്പുവച്ചതെന്നായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly